"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എ.ആർ.132/10-ന്മേലുള്ള ബാലൻസ് തുക കക്ഷികൾക്ക് അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1308/2025/LSGD തീയതി,തിരുവനന്തപുരം, 27-05-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.2499/2024/തസ്വഭവ തീയതി 19.12.2024
2. സ.ഉ.(സാധാ)നം.424/2025/തസ്വഭവ തീയതി 11.02.2025
3. സ.ഉ.(സാധാ)നം.746/2025/തസ്വഭവ തീയതി 21.03.2025
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.05.2025-ലെ LSGD/PD/8338/2025-REV5 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ ശ്രീ.കെ.രാമയ്യൻ & അദേഴ്സിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.43 ആർ സ്ഥലം (Sy No.813/21) പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.132/10-നമ്പർ കേസിൽ ബാലൻസ് വിധിക്കടത്തുകയായ 1,13,864/- രൂപ കക്ഷികൾക്ക് അനുവദിച്ച് പരാമർശം (1) പ്രകാരം ഭരണാനുമതിയും പരാമർശം (2), (3) എന്നിവ പ്രകാരം റിലീസിംഗും ഉത്തരവായിരുന്നു. മേൽ പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എൽ.എ.ആർ.132/10-ന്മേലുള്ള തുക ജില്ലാ കളക്ടർക്ക് കൈമാറുന്നതിന് ഉത്തരവായിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷത്തെ ട്രഷറി നിയന്ത്രണങ്ങൾ മൂലം നടപടി സ്വീകരിക്കുന്നതിന് സാധിച്ചിരുന്നില്ല എന്നും അതിനാൽ എൽ.എ.ആർ.132/10-ലെ തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി ശ്രീ.കെ.രാമയ്യൻ & അദേഴ്സിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.132/10-നമ്പർ കേസിൽ ബാലൻസ് വിധിക്കടത്തുകയായ 1,13,864/- രൂപ (ഒരു ലക്ഷത്തി പതിമൂവായിരത്തി എണ്ണൂറ്റി അറുപത്തിനാല് രൂപാ മാത്രം) നടപ്പ് സാമ്പത്തിക വർഷം "4217-60-800-93-Payment of compensation in LAR Cases" എന്ന ശീർഷകത്തിൽ നിന്നും കക്ഷികൾക്ക് അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
Smt Krishnaveni, W/o R.N.Swamy, House No.51, Pandarathopu, Sreekandeswaram.(ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
Sri Ramasubramaniyan, T.C.28/1228, Swara.64, Sreekandeswaram, Thiruvananthapuram. (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
Sri Devarajan S.N., T.C.28/1228, Swara.64, Sreekandeswaram, Thiruvananthapuram. (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 28-05-2025 17:39:59